# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: X** | **DEPARTMENT: MALAYALAM** | **DATE: 08/08/2023** |
| **Class Note** | **Lesson:** വാക്യരചന - 1 | **Topic: Descriptive** |

## വാക്യത്തിൽ പ്രയോഗിക്കുക

1. **പ്രമാദം പറ്റുക:** വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികളാണ് പലപ്പോഴും പ്രമാദങ്ങൾ പറ്റുന്നതിന് ഇടയാക്കുന്നത്.
2. **പിന്തിരിയുക:** തെറ്റിൽ നിന്ന് പിന്തിരിയുന്ന ആൾ ധർമ്മമാർഗ്ഗത്തിൽ സഞ്ചരിക്കുന്നു.
3. **പാലിക്കുക:** ജനങ്ങൾ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ഭരണാധികാരികളാണ്.
4. **ലംഘിക്കുക:** റോഡപകടങ്ങൾക്ക് കാരണം ജനങ്ങൾ സുരക്ഷാനിർദ്ദേശങ്ങൾ ലംഘിക്കുന്നതാണ്.
5. **പല്ലിറുമ്മുക:** കോപം കൊണ്ട് അയാൾ പല്ലിറുമ്മി.
6. **കിടനിൽക്കുക:** റഫാലിനോടു കിടനിൽക്കുന്ന യുദ്ധവിമാനങ്ങൾ ലോകത്ത് ഇല്ലെന്നു പറയാം.
7. **ഹൃദയോന്നതി:** അഗതികൾക്കും ദരിദ്രർക്കും വേണ്ടി മദർ തെരേസ ചെയ്ത ജീവകാരുണ്യ പ്രവർത്തനങ്ങൾ അവരുടെ ഹൃദയോന്നതിക്ക് തെളിവാണ്.
8. **മൂലോച്ഛേദം വരുത്തുക:** ശത്രുസൈന്യത്തിന് മൂലോച്ഛേദം വരുത്തിയിട്ടേ പണ്ടു കാലത്ത് രാജാക്കന്മാർ യുദ്ധത്തിൽ നിന്ന് പിൻമാറിയിരുന്നുള്ളൂ.
9. **മോഹാലസ്യപ്പെടുക:** പുത്രന്മാരുടെ മരണവാർത്തയറിഞ്ഞ ഗാന്ധാരി കൊട്ടാരത്തിൽ മോഹാലസ്യപ്പെട്ടു വീണു.
10. **പ്രീണിപ്പിക്കുക:** രാഷ്ടീയക്കാരെ പ്രീണിപ്പിച്ച് കാര്യം നേടുന്നവർ ലോകത്ത് എല്ലായിടത്തുമുണ്ട്.
11. **ആഘാതപ്രത്യാഘാതങ്ങൾ:** അമിതമായ വന നശീകരണം പ്രകൃതിയിലുണ്ടാക്കാൻ പോകുന്ന ആഘാതപ്രത്യാഘാതങ്ങൾ മനുഷ്യർ കാണാനിരിക്കുന്നതേയുള്ളൂ.
12. **ബലികഴിക്കുക:** മക്കളുടെ നന്മയ്ക്കു വേണ്ടി മാതാപിതാക്കൾ തങ്ങളുടെ ആഗ്രഹങ്ങൾ പലപ്പോഴും ബലികഴിക്കുന്നു.

***